"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം - പാലക്കാട് ജില്ലാ പഞ്ചായത്ത് കോട്ടായി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പ്രവർത്തികളിൽ പെർഫോമൻസ് ഓഡിറ്റ് വിഭാഗം കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി -1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (EWA) വകുപ്പ്**

സ.ഉ.(സാധാ) നം.1730/2026/LSGD തീയതി,തിരുവനന്തപുരം, 14-09-2026

---

പരാമർശം:-

1. മേഖല പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, എറണാകുളത്തിന്റെ 08.02.2023 ലെ 28/A3/2022/RPAW നമ്പർ റിപ്പോർട്ട്.
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07-08-2024-ലെ LSGD/PD/42139/2023-VIGD1 നമ്പർ റിപ്പോർട്ട്.
3. 21.11.2024-ലെ EWA3/106/2023/LSGD നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
4. 04.01.2025-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.കെ.പ്രദീപ് കുമാറും, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി സുമ.എ.കുര്യാക്കോസും സമർപ്പിച്ച പ്രതിവാദപത്രികകൾ.
5. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04-11-2025 ലെ LSGD/PD/42139/2023-VIGD1 നമ്പർ അഭിപ്രായ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലാ പഞ്ചായത്ത് കോട്ടായി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ കോട്ടായി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം,ഉവരക്കാട് കോലാക്കളം അങ്കണവാടി നിർമ്മാണം എന്നീ പ്രവർത്തികളിൽ പെർഫോമൻസ് ഓഡിറ്റ് വിഭാഗം കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പരാമർശം 1 പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി സുമ.എ. കുര്യാക്കോസ് (PEN:622486), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.കെ.പ്രദീപ് കുമാർ (PEN:605779) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കുറ്റപത്രം പരാമർശം 3 പ്രകാരം ലഭ്യമാക്കുകയും ചെയ്തിരുന്നു. കുറ്റാരോപിതർ പരാമർശം 4 പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ആരോപണങ്ങൾ നിഷേധിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ, കോട്ടായി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ കോട്ടായി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം,ഉവരക്കാട് കോലാക്കുളം അങ്കണവാടി നിർമ്മാണം എന്നീ പ്രവർത്തികളിൽ പെർഫോമൻസ് ഓഡിറ്റ് വിഭാഗം കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിനായി Programme Implementation Unit, Palakkad ലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.വിനോദ് (PEN:456484)നെ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

KCS(CC&A) Rules 1960, Manual for Disciplinary Proceedings (MDP) എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരമുള്ള നടപടിക്രമങ്ങൾ എല്ലാം പാലിച്ച് ചാർജ്ജ് മെമ്മോയിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും, വാദിഭാഗം, പ്രതിഭാഗം സാക്ഷിമൊഴികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഔപചാരിക അന്വേഷണ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറായിരുന്നതും, സേവനത്തിൽ നിന്നും വിരമിച്ചതുമായ ശ്രീ.സി.ബി.മനോജ്കുമാറിനെതിരെ (PEN:717053) KSR Part III Rule 59(d) പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. ആകയാൽ, ഈ വിഷയത്തിലെ ടിയാന്റെ പങ്ക് കൂടി ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി വിശദമായി പരിശോധിച്ച് ആയത് കൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1) ശ്രീ.വിനോദ്,(PEN:456484),എക്സിക്യൂട്ടീവ് എഞ്ചിനീയർ, Programme Implementation Unit, Palakkad (പരാമർശിത രേഖകളുടെ പകർപ്പ് ഉൾപ്പെടെ) (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം).
2) ശ്രീമതി സുമ.എ. കുര്യാക്കോസ്, അസിസ്റ്റന്റ് എഞ്ചിനീയർ (PEN:622486) (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)

3) ശ്രീ.കെ.പ്രദീപ് കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (PEN:605779) (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)

**4)**ശ്രീ.സി.ബി.മനോജ്കുമാർ, ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ(റിട്ട.)(PEN:717053)(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)
5) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്(തുടർനടപടിയ്ക്കായി)
6) അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്,കേരള, തൃശ്ശൂർ)
7) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
8) കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Digitally signed by
Dileep D
Date: 14-09-2026
09:32:41

സെക്ഷൻ ഓഫീസർ